E - 151137/2022

From

ജയ.ഒ.വി.
ഒരനാടത്ത് വീട്
കരുവമ്പ്രം വെസ്റ്റ് പി.ഒ
മഞ്ചേരി, മലപ്പുറം - 676123

COURT FEE ഭാരത INDIA 10 Rs. दस रुपये TEN RUPEES

To

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
Directorate of Social Justice
5th floor, Vikas Bhavan
Thiruvananthapuram - 695003.

സർ,

വിഷയം:- വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷ.

---------

താഴെ കൊടുത്തിട്ടുള്ള എന്റെ ചോദ്യങ്ങൾക്ക് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ നിന്ന് മറുപടി തരാനപേക്ഷ.

1. താങ്കളുടെ വകുപ്പിൽ പാലക്കാട് ജില്ലയിൽ എത്ര ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്? ഓഫീസുകളുടെ മേൽവിലാസം, ഫോൺ നമ്പർ എന്നിവ വിശദമാക്കുക?

2. താങ്കളുടെ വകുപ്പിൽ പാലക്കാട് ജില്ലയിലുള്ള വിവിധ ഓഫീസുകളിൽ എത്ര ടൈപ്പിസ്റ്റ് തസ്തികകളുണ്ട്? ആയതിൽ പി.എസ്.സി വഴി നിയമിതരായി ജോലിചെയ്യുന്ന എത്രപേരുണ്ട്? കരാർ, ദിവസവേതനം, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിതരായി ജോലിചെയ്യുന്ന എത്രപേരുണ്ട്?

3. ചോദ്യം 2 ലെ ഉത്തരത്തിൽ പി.എസ്.സി വഴി അല്ലാതെ മറ്റുതരത്തിൽ നിയമിതരായി ടൈപ്പിസ്റ്റ് തസ്തികയിൽ ജോലി ചെയ്യുന്നവരുണ്ടെങ്കിൽ ആ ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാത്തതിന് കാരണം വ്യക്തമാക്കാമോ?

4. താങ്കളുടെ വകുപ്പിൽ പാലക്കാട് ജില്ലയിലുള്ള വിവിധ ഓഫീസുകളിൽ ടൈപ്പിസ്റ്റ് തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്? ഏതൊക്കെ ഓഫീസിലാണ് ഒഴിവുകൾ നിലവിലുള്ളത്?

5. ചോദ്യം 4 ലെ ഉത്തര പ്രകാരം ഒഴിവുകൾ നിലവിലുണ്ടെങ്കിൽ ആ ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ ഫയൽ നമ്പറും തീയതിയും വ്യക്തമാക്കുക. റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

6. താങ്കളുടെ വകുപ്പിൽ പാലക്കാട് ജില്ലയിലുള്ള വിവിധ ഓഫീസുകളിൽ ടൈപ്പിസ്റ്റ് തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ വകുപ്പ് ഹെഡ് ക്വാർട്ടേഴ്സിലേക്ക് തുടർനടപടികൾക്കായി റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിൽ എത്ര ഒഴിവുകൾ അങ്ങനെ അറിയിച്ചിട്ടുണ്ട്? അവ ഏതൊക്കെ ഓഫീസുകളിൽ ആണ് നിലവിലുള്ളത്? അത് അറിയിച്ചതിന്റെ ഫയൽ നമ്പർ, തീയതി എന്നിവ വ്യക്തമാക്കുക.

7. താങ്കളുടെ വകുപ്പിൽ പാലക്കാട് ജില്ലയിലുള്ള വിവിധ ഓഫീസുകളിൽ 2019 സെപ്റ്റംബർ 1 നും 2021 ഡിസംബർ 31 നും ഇടയിൽ ടൈപ്പിസ്റ്റ് തസ്തികയിൽ റിട്ടയർമെന്റ്, അന്തർ വകുപ്പുമാറ്റം, അന്തർജില്ല മാറ്റം, കാറ്റഗറി മാറ്റം, ഈ വകുപ്പിൽ നിന്നും വിടുതൽ ചെയ്യൽ, ഡെപ്യൂട്ടേഷൻ അല്ലെങ്കിൽ മറ്റ് തരത്തിൽ എത്ര ഒഴിവുകൾ ഉണ്ടായി? അതിൽ എത്ര എണ്ണം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തു? ആയതിന്റെ തീയതിയും ഫയൽ നമ്പറും തരാൻ അപേക്ഷ. റിപ്പോർട്ട് ചെയ്തിട്ടില്ല എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുക

8. താങ്കളുടെ വകുപ്പിൽ പാലക്കാട് ജില്ലയിലുള്ള വിവിധ ഓഫീസുകളിൽ നിന്നും 2022 ജനുവരി മുതൽ 2023 നവംബർ 30 വരെ ഉള്ള കാലയളവുകളിൽ ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും വിരമിക്കുന്ന ജീവനക്കാരുടെ പേരും ഓഫീസ് അഡ്രസ്സും വിരമിക്കുന്ന തീയതിയും അനുവദിക്കാമോ?

9. താങ്കളുടെ വകുപ്പിൽ പാലക്കാട് ജില്ലയിലുള്ള വിവിധ ഓഫീസുകളിൽ നിന്നും 2022 ജനുവരി ഒന്നു മുതൽ 2022 ഡിസംബർ 31 വരെ ഉള്ള കാലയളവുകളിൽ ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും വിരമിക്കുന്ന എത്ര ജീവനക്കാർ ഉണ്ട്? സർക്കാരിന്റെ 05-10-2021 ലെ സർക്കുലർ നമ്പർ ഉപ.സി.3/174/202/ഉഭപവ പ്രകാരം ഈ വിരമിക്കൽ ഒഴിവുകൾ പ്രതീക്ഷിത ഒഴിവുകൾ ആയി പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ ആയതിന്റെ ഫയൽ നമ്പറും തീയതിയും അനുവദിക്കുക. പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

10. താങ്കളുടെ വകുപ്പിൽ പാലക്കാട് ജില്ലയിൽ എത്ര ടൈപ്പിസ്റ്റ് തസ്തികകൾ ആശ്രിത നിയമനം, അന്തർ ജില്ലാ/ വകുപ്പ് മാറ്റം അല്ലെങ്കിൽ മറ്റ് ആവശ്യങ്ങൾക്കായി നീക്കി വെച്ചിട്ടുണ്ട് ?

11. താങ്കളുടെ മറുപടി തൃപ്തികരമല്ലെങ്കിൽ അപേക്ഷ സമർപ്പിക്കേണ്ട അപ്പീൽ അധികാരിയുടെ പേരും മേൽവിലാസവും ഏവ ?

മഞ്ചേരി

11-02-2022

വിശ്വസ്തതയോടെ,

ജയ.ഒ.വി